

# സ്രഷ്ടാവായ ദൈവം

1

സീറോ മലബാർ സഭയുടെ വിശ്വാസ
പരിശീലന പാഠാവലി.

പാഠം 6

# ദൈവത്തിനു സ്തുതി





സൃഷ്ടികളായ മനുഷ്യർ എപ്പോഴും സൃഷ്ടാവായ ദൈവത്തെ സ്തുതിച്ചിരുന്നു. മനോഹരമായ പ്രപഞ്ചം നൽകിയതിന് അവർ ദൈവത്തെ സ്തുതിച്ചു. ധാരാളം വിളവുകൾ കിട്ടിയപ്പോൾ അവർ ദൈവത്തെ സ്തുതിച്ചു.



പ്രാർത്ഥനകളിലൂടെയും ഗീതങ്ങളിലൂടെയും
അവർ ദൈവത്തെ സ്തുതിച്ചു.

# ദൈവത്തെ സ്തുതിക്കാം



ഈ മാലാഖമാരോടു ചേർന്നു താഴെ കൊടുത്തിരിക്കുന്ന ഗാനം പാടി നമുക്കും ദൈവത്തെ സ്തുതിക്കാം.

ഹല്ലേലുയ്യ പാടീടുന്നേൻ

ഹല്ലേലുയ്യ ... ഹല്ലേലുയ്യാ ...



നമുക്കു ദൈവത്തെ സ്തുതിക്കാം. ഓരോ ദിവസവും സ്തുതിക്കാം. ഉണരുമ്പോഴും സന്ധ്യാനേരത്തും ഉറങ്ങാൻ പോകുമ്പോഴും നമുക്കു ദൈവത്തെ സ്തുതിക്കാം. എല്ലാ നന്മകൾക്കായും ദൈവത്തെ സ്തുതിക്കാം.

# കൈകൾ കൂപ്പാം

നന്മകൾ നൽകി ഞങ്ങളെ അനുഗ്രഹിക്കുന്ന ദൈവമെ,

ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു



എതെല്ലാം വിധത്തിലാണ്
ദൈവം നമ്മെ പരിപാലിക്കുന്നത് !

ശ്വസിക്കാൻ വായു, കുടിക്കാൻ വെള്ളം,
ഭക്ഷിക്കാൻ ആഹാരം, ധരിക്കാൻ വസ്ത്രം,
താമസിക്കാൻ വീട്, പഠിക്കാൻ സ്കൂൾ.

പഠിക്കാൻ ബുദ്ധി നൽകിയിരിക്കുന്നു.
കളിക്കാനും ചിരിക്കാനും നമുക്കു കഴിയുന്നു.
പാട്ടു പാടാനും പടം വരയ്ക്കാനും
നൃത്തം ചെയ്യാനും നമുക്കു സാധിക്കും.

ഇവയെല്ലാം തന്ന് നമ്മെ പരിപാലിക്കുന്ന ദൈവത്തെ
നമുക്കു സ്തുതിക്കാം.



# നമുക്കു പാടാം

കർത്താവേ നിൻ സ്തുതി  പാടും
അനുദിനമങ്ങയെ വാഴ്ത്തും ഞാൻ
നാഥൻ മഹിമ നിറഞ്ഞവനും
പാരം സ്തുത്യനുമെന്നെന്നും.

എന്നാത്മാവേ പാടുക നീ
കർത്താവിൻ സ്തുതി ഗീതങ്ങൾ
ജീവിതകാലം മുഴുവൻ ഞാൻ
നാഥനു ഗീതികൾ പാടീടും.

## മനഃപാഠമാക്കാം

‘കർത്താവിനെ സ്തുതിക്കുവിൻ

എന്തെന്നാൽ അവിടുന്നു നല്ലവനാണ്”.

സങ്കീർത്തനം 135:3

# ബോധ്യങ്ങൾ



* സ്രഷ്ടാവായ ദൈവം സ്തുതിക്ക് അർഹനാണ്.

* ദൈവത്തെ നാം എപ്പോഴും സ്തുതിക്കണം.

* പ്രാർത്ഥനകളിലൂടെയും ഗീതങ്ങളിലൂടെയും ദൈവത്തെ സ്തുതിക്കുന്നു.

## മനോഭാവങ്ങൾ

* ഞാൻ നിരന്തരം ദൈവത്തെ സ്തുതിക്കണം.



## ശീലങ്ങൾ

* ഏത് പ്രവൃത്തി ചെയ്യുമ്പോഴും ഞാൻ ദൈവമേ സ്തുതി എന്ന് ഉരുവിടും.





# THANK YOU